## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 1526

21.01.2014 - ലെ മറുപടിയ്ക്കുണ്ടായിരുന്നത്

## ബാങ്കുകൾ വഴി നൽകിയിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) വിവിധ ബാങ്കുകൾ വഴി നൽകിയിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവിൽ എന്തെങ്കിലും ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;<br><br>(സി) ഇപ്രകാരം ഇളവുകൾ ലഭ്യമാക്കുന്നതിനുവേണ്ടി വായ്പയെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി)<br>(സി) 01.04.2004 മുതൽ 31.03.2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാതെ അവശത അനുഭവിക്കുകയും ചെയ്യുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും, 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ട-വർക്കുമുള്ള വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

(-----2)

ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം വായ്പ എടുത്തവർക്കും വായ്പ അടച്ചു തീർക്കാത്തവർക്കുമാണ് പലിശ സബ്സിഡി സ്കീം ബാധകമാകുക.

പലിശ സബ്സിഡി ആഗ്രഹിക്കുന്നവർ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31.05.2013 -ഉം, 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് 28.02.2014 -ഉം ആയിരുന്നു.

| | |
|---|---|
| (ഡി) ഇപ്രകാരം ഇതുവരെ എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ ? | (ഡി) പലിശ സബ്സിഡി അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം <u>അനുബന്ധത്തിൽ</u> ചേർത്തിരിക്കുന്നു. |

(----- 3)

കോട്ടയം ജില്ലയിൽ 2241 -ഉം, എറണാകുളം ജില്ലയിൽ 285 -ഉം, തൃശ്ശൂർ ജില്ലയിൽ 470 -ഉം, പാലക്കാട് ജില്ലയിൽ 148 -ഉം, കാസർഗോഡ് ജില്ലയിൽ 43 -ഉം അപേക്ഷകൾ ബി.പി.എൽ. വിഭാഗത്തിൽ ലഭിച്ചതിന് പലിശ സബ്സിഡി അനുവദിക്കാനായി ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ട്.

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഏതാനും അപേക്ഷകൾ ഫണ്ട് അനുവദിക്കാനായി ജില്ലാ കളക്ടർമാരിൽ നിന്നു ലഭിച്ചത് സർക്കാരിന്റെ പരിഗണനയിലാണ്.

ഇനിയും ഫണ്ട് അനുവദിക്കുവാൻ ശേഷിക്കുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ ഫണ്ട് സംബന്ധിച്ച നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക്, ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഫണ്ട് അനുവദിക്കുന്നതാണ്.

(----- 4)

3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗക്കാർക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിനായി അപേക്ഷ കളക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 28.02.2014 ആയിരുന്നു ഈ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ വിവിധ ജില്ലാകളക്ടറേറ്റുകളിൽ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 31.12.2014 വരെ ലഭിച്ച അപേക്ഷകളുടെ എണ്ണം

| ജില്ല | ബി.പി.എൽ. വിഭാഗത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള വിഭാഗത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 1558 | 4203 |
| കൊല്ലം | 1506 | 4575 |
| പത്തനംതിട്ട | 1230 (ഇതിൽ അർഹതയുള്ള അപേക്ഷകൾ- 536) | 4484 |
| ആലപ്പുഴ | 2662 | 6500 |
| കോട്ടയം | 3570 (ഇതിൽ അർഹതയുള്ള അപേക്ഷകൾ - 2527) | 8541 |
| ഇടുക്കി | 1192 | 3579 |
| എറണാകുളം | 747 | 5282 (ഇതിൽ അർഹതയുള്ള അപേക്ഷകൾ - 4794) |
| തൃശ്ശൂർ | 580 (ഇതിൽ അർഹതയുള്ള അപേക്ഷകൾ - 444) | 2895 |
| പാലക്കാട് | 200 (ഇതിൽ അർഹതയുള്ള അപേക്ഷകൾ - 147) | 2708 |
| മലപ്പുറം | 256 | 1700 |
| കോഴിക്കോട് | 503 | 4241 |
| വയനാട് | 783 | 2772 |
| കണ്ണൂർ | 494 | 2005 |
| കാസർഗോഡ് | 185 (ഇതിൽ അർഹതയുള്ള അപേക്ഷകൾ - 120) | 918 |